**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2267** **21-06-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളെ കെ-സ്റ്റോർ ആയി ഉയർത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പൊതുവിതരണ ശൃഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നല്കി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗമാണ് കെ-സ്റ്റോർ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.<br><br>1) ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷന്റെ ഉല്പന്നം)<br><br>2) വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ /പിന്നോക്ക /പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ<br><br>3) മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ<br><br>4) IOC യുടെ ചോട്ടു ഗ്യാസ്<br><br>5) സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ<br><br>6) CSC വഴിയുള്ള സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | 7) 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം. |
| (സി) | സംസ്ഥാനത്ത് റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയ ശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43 % പേർക്ക് മാത്രമാണ് താഴെ പറയുന്ന വിധത്തിൽ സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തു വരുന്നത്. |

| | |
|---|---|
| എഎവൈ | 30 Kg അരി സൗജന്യമായി , ഗോതമ്പ്, ആട്ട റാഗി എന്നിവയുൾപ്പടെ 5 Kg (പരമാവധി 2 പാക്കറ്റ് ആട്ട, 1 പാക്കറ്റ് റാഗി) ആട്ട 7/- രൂപ/ പാക്കറ്റ്, റാഗി 8രൂപ/ പാക്കറ്റ് നിരക്കിലും |
| പി.എച്.എച്ച് | കാർഡിലെ ഒരോ അംഗത്തിനും 4 കിലോ അരി വീതം സൗജന്യമായും, 1 Kg ഗോതമ്പ് / ആട്ട / റാഗി (കാർഡിന് പരമാവധി 3 പാക്കറ്റ് ആട്ട അല്ലെങ്കിൽ 1 പാക്കറ്റ് റാഗി) ആട്ട 9രൂപ/പാക്കറ്റ്, റാഗി 10രൂപ/ പാക്കറ്റ് നിരക്കിലും |

ബാക്കിയുള്ള 57 % കാർഡ് ഹോൾഡർമാരെ താഴെ പറയുന്ന രീതിയിൽ തിരിച്ച് അതോടൊപ്പം കൊടുത്തിരിക്കുന്ന നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്ത് വരുന്നു.

| | |
|---|---|
| എൻ.പി.എസ് | ഒരോ അംഗത്തിനും 2 Kg അരി 4 രൂപ/Kg |
| എൻ.പി.എൻ.എസ് | 5 Kg അരി 10.90/- രൂപ /Kg (നിലവിലെ വിതരണതോത്) |
| എൻ.പി. ഐ. | 2 Kg അരി 10.90/- രൂപ/Kg |

കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നതിന് AAY, PHH വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ 8.30/Kg നിരക്കിൽ നൽകുന്ന tide-over അരിയിൽ നിന്നും സംസ്ഥാന സർക്കാർ 4.30/Kg രൂപ സബ്സിഡി വഹിച്ചാണ് NPS വിഭാഗങ്ങൾക്ക് 4/Kg നിരക്കിൽ അരി വിതരണം ചെയ്യുന്നത്.

സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നോൺ പ്രയോറിറ്റി ഇൻസ്റ്റിട്യൂഷൻ (NPI) കാർഡുകൾ അനുവദിച്ച് ഒരു കാർഡിന് പ്രതിമാസം 2 Kg അരി 10.90/- നിരക്കിൽ വിതരണം ചെയ്യുന്നത് വഴി ടി വിഭാഗത്തെ ഭക്ഷ്യസുരക്ഷയുടെ പരിധിയിൽ കൊണ്ട് വരുവാൻ സാധിച്ചു.

സംസ്ഥാനത്തെ മുൻഗണന വിഭാഗത്തിലെ ഗുണഭോക്താക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പൊതുവിതരണ സംവിധാനം വഴി ചെറുധാന്യമായ റാഗിയുടെ വിതരണം ആരംഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന റാഗി പൊടിച്ച് പാക്കറ്റ് ആക്കി AAY, PHH വിഭാഗത്തിന് വിതരണം ചെയ്തു വരുന്നു.

സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. നിലവിൽ 10 ജില്ലകളിലായി 19 താലൂക്കുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങളിലെ കിടപ്പുരോഗികൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10 നു മുമ്പ് ഓട്ടോറിക്ഷാത്തൊഴിലാളികളുടെ സഹായത്തോടെ സൗജന്യമായി വീടുകളിൽ എത്തിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി വിശപ്പുരഹിത കേരളം പദ്ധതി ആരംഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയും ഉണ്ടായി. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിന് കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി കരാർ ഉണ്ടാക്കി സർക്കാർ നിർദേശ പ്രകാരം 20/- രൂപയ്ക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. പ്രതിമാസം ഏകദേശം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകലുകളുടെ പ്രയോജനം ലഭിച്ചു വരുന്നു.

മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ച് റേഷൻ അനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റുന്നുവെന്ന വ്യാപകപരാതി ലഭിച്ചതിൻ പ്രകാരം പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും, അപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിശോധനാ പരിപാടി പൊതുവിതരണ വകുപ്പ് ആരംഭിച്ചു.

പൊതുജനങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി ഭക്ഷ്യ സുരക്ഷാ ശൃംഖലകളായ

| | | | |
|---|---|---|---|
| | | | PDS, ICDS, MDMS എന്നീ പദ്ധതികൾ പ്രകാരം വിതരണ നടത്തിവരുന്ന അരി മൂന്ന് സൂക്ഷ്മ പോഷകങ്ങളായ അയൺ, ഫോളിക് ആസിഡ്, വിറ്റാമിന് ബി 12 എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് റൈസ് ഫോർട്ടിഫിക്കേഷൻ. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾ വഴിയും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ട്.<br><br>അധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡ് അംഗങ്ങളുടെയും അധാർ നമ്പർ റേഷൻ കാർഡുമായി ലിങ്ക് ചെയ്തു. റേഷൻ കടകളിൽ e-PoS മെഷീൻ ഉപയോഗിച്ച് ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം ആരംഭിച്ചതോടെ റേഷൻ ഭക്ഷ്യധാന്യത്തിന്റെ ദുരുപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചു. |
| (ഡി) | സംസ്ഥാനത്ത് റേഷൻ വിതരണത്തിന് ആവശ്യമായ അരി, ഗോതമ്പ്, പഞ്ചസാര എന്നിവ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (ഡി) | NFSA, 2013 നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തിന് ലഭിച്ച് കൊണ്ടിരുന്ന ആകെ അലോട്ട്മെന്റിൽ കുറവ് വന്നിരുന്നു. പൊതുവിഭാഗം റേഷൻകാർഡ് ഉണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്ന Tide-over ഇനത്തിലെ അലോട്ട്മെന്റിൽ ആണ് കുറവ് വന്നിട്ടുള്ളത്. അതിനാൽ tide-over ഇനത്തിൽ അലോട്ട്മെന്റ് വർധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ നിരവധി തവണ അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും അതിന് അനുകൂല നടപടി നാളിതുവരെ ഉണ്ടായിട്ടില്ല.<br><br>Tide-over ഇനത്തിൽ മുൻപ് ഗോതമ്പ് അനുവദിച്ച് നൽകിയിരുന്നു. ടി ഗോതമ്പ് പൊടിച്ച് ആട്ടയാക്കി NPS, NPNS കാർഡുകൾ വിതരണം ചെയ്തിരുന്നു. എന്നാൽ നിലവിൽ tide-over ഇനത്തിൽ ഗോതമ്പ് അനുവദിക്കാത്തതിനാൽ ടി വിഭാഗത്തിന് അരി മാത്രമേ വിതരണം ചെയ്യുവാൻ സാധിക്കുന്നുള്ളൂ. ഗോതമ്പ് അലോട്ട്മെന്റ് പുന:സ്ഥാപിച്ച നൽകുവാൻ കേന്ദ്ര സർക്കാരിൽ അഭ്യർത്ഥിച്ചെങ്കിലും അനുകൂല നടപടി നാളിതുവരെ ഉണ്ടായിട്ടില്ല.<br><br>കേന്ദ്ര സർക്കാർ AAY വിഭാഗത്തിന് പഞ്ചസാര അനുവദിക്കുവാൻ വേണ്ടി മാത്രമാണ് സബ്സിഡി നൽകുന്നത്. അതിനാൽ AAY വിഭാഗത്തിന് മാത്രമാണ് പഞ്ചസാര നൽകി വന്നിരുന്നത്.<br><br>നിലവിൽ കേന്ദ്ര സർക്കാർ നൽകുന്ന പഞ്ചസാരയുടെ സബ്സിഡിയും, വില്പന വില ഇനത്തിൽ ലഭിക്കുന്ന മാർജിനും കൂടി കണക്കാക്കിയാൽ അത് കമ്പോള വിലയേക്കാൾ |

| | | | |
|---|---|---|---|
| | | | കുറവായതിനാൽ സപ്ലൈകോയ്ക്ക് നഷ്ടം സംഭവിക്കുന്നു എന്നത് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഈ പ്രതിസന്ധി പരിഹരിച്ച് പഞ്ചസാര വിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഇ) | കേന്ദ്രത്തിൽ നിന്നും കൃത്യമായി റേഷൻ വിഹിതം ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്തിന് ആവശ്യമായ അളവിൽ ഭക്ഷ്യധാന്യം അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിരവധി കത്തുകൾ സർക്കാർ തലത്തിൽ നൽകിയിരുന്നു. കൂടാതെ മന്ത്രിതലത്തിലും ബഹു. കേന്ദ്ര ഭക്ഷ്യ മന്ത്രിക്ക് കത്ത് നൽകിയിരുന്നു. ഇത് കൂടാതെ കേന്ദ്ര സർക്കാരിൽ നിന്നും ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് MP മാരുടെ കോൺഫറൻസുകളിൽ ഇത് സംബന്ധിച്ച് വിശദമായ കുറിപ്പ് തയ്യാറാക്കി നല്കാറുണ്ട്. |

സെക്ഷൻ ഓഫീസർ